പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1843 06.07.2015-ൽ മറുപടിക്ക്.

# തോക്ക് ലൈസൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ സ്വയംരക്ഷയ്ക്കും കൃഷി സംരക്ഷണത്തിനുമായി എത്ര പേർക്ക് തോക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | : (എ) സ്വയരക്ഷയ്ക്കും കൃഷി സംരക്ഷണത്തിനുമായി സംസ്ഥാനത്ത് 8191 ആയുധ ലൈൻസുകൾ നിലവിലുണ്ട്. |
| (ബി) ലൈസൻസ് ലഭ്യമായവരുടെ കണക്ക് ജില്ല തിരിച്ച് വിശദമാക്കാമോ; | :(ബി) |

| | |
|---|---|
| തിരുവനന്തപുരം | 310 |
| കൊല്ലം | 190 |
| പത്തനംതിട്ട | 480 |
| ആലപ്പുഴ | 126 |
| കോട്ടയം | 1603 |
| ഇടുക്കി | 428 |
| എറണാകുളം | 1633 |
| തൃശ്ശൂർ | 473 |
| പാലക്കാട് | 83 |
| മലപ്പുറം | 769 |
| കോഴിക്കോട് | 228 |
| വയനാട് | 148 |
| കണ്ണൂർ | 738 |
| കാസർഗോഡ് | 982 |

(സി) പുതിയ തോക്ക് ലൈസൻസ് നൽകുന്നതിനും പഴയവ പുതുക്കുന്നതിനും എന്തെല്ലാം മാനദണ്ഡങ്ങളാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ?

(സി) ഇന്ത്യൻ ആയുധ നിയമം 1959, ചട്ടങ്ങൾ 1962 എന്നിവയ്ക്കും കേന്ദ്ര സർക്കാരിന്റെ കാലാകാലങ്ങളിലുള്ള ആയുധ നയങ്ങൾക്കും വിധേയമായാണ് സംസ്ഥാനത്ത് ലൈസൻസുകൾ അനുവദിക്കുകയും പുതുക്കി നൽകുകയും ചെയ്യുന്നത്. ആയുധ ലൈസൻസ് അനുവദിക്കൽ/പുതുക്കൽ അപേക്ഷകളിൻമേൽ പോലീസ്, റവന്യൂ, വനംവകുപ്പ് ഉദ്യോഗസ്ഥരുടെ വ്യക്തമായ ശുപാർശയുടെ അടിസ്ഥാനത്തിലാണ് തീരുമാനം കൈക്കൊള്ളുന്നത്. കൂടാതെ അപേക്ഷകന്റെ ജീവന് നേരിടുന്ന ഭീഷണിയുടെ വെളിച്ചത്തിലാണ് സ്വയരക്ഷയ്ക്കുള്ള ആയുധ ലൈസൻസ് അനുവദിക്കുന്നത്.

സെക്ഷൻ ഓഫീസർ